"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടു പാളയം റോഡ് വികസനം - എൽ.എ.ആർ. കേസ് 495/2008 -ന്മേലുള്ള വിധിക്കടത്തുക ശ്രീ. മുസ്തഫ, ശ്രീ. ഷാഹുൽ ഹമീദ് എന്നിവർക്ക് അനുവദിക്കുന്നതിന് - ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.882/2023/LSGD തീയതി,തിരുവനന്തപുരം, 13-04-2023

---

പരാമർശം:-
1. സ.ഉ.(അച്ചടി) നം.32/2019/ധന തീയതി 18/03/2019
2. ബഹു.തിരുവനന്തപുരം സബ്കോടതിയുടെ 27/10/2011 -ലെ എൽ.എ.ആർ.495/2008 നമ്പർ കേസിലെ വിധിന്യായം
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 05/05/2022 -ലെ കെ.9-312959/21 നമ്പർ നടപടിക്രമം
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 28/10/2022 തീയതിയിലെ എ3/2817/2007/ടിഡ നമ്പർ കത്ത്

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിലെ സർവ്വേ നം. 2501/1-3-1 (LA Re Sy No.2501/6)-ൽപ്പെട്ടതും ശ്രീ. മുസ്തഫ, ശ്രീ. ഷാഹുൽ ഹമീദ് എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.33 ആർ ഭൂമി (0.23 ആർ + 0.10 ആർ) ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 495/2008 നമ്പർ കേസിൽ വിധിക്കടത്തുകയായ 18,63,160/-രൂപ, 8,10,920/- രൂപ എന്നിവ യഥാക്രമം കക്ഷികളായ ശ്രീ. മുസ്തഫ, ശ്രീ.ഷാഹുൽ ഹമീദ് എന്നിവർക്ക് അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം ടിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. മുസ്തഫ, ശ്രീ. ഷാഹുൽ ഹമീദ് എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.33 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 495/08 നമ്പർ കേസിൽ ബഹു.തിരുവനന്തപുരം സബ് കോടതിയുടെ പരാമശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകകളായ 18,63,160/-രൂപ (പതിനെട്ട് ലക്ഷത്തി അറുപത്തിമൂവായിരത്തി നൂറ്റി അറുപത് രൂപ മാത്രം), 8,10,920/-രൂപ (എട്ട് ലക്ഷത്തി പതിനായിരത്തി തൊള്ളായിരത്തി ഇരുപത് രൂപ മാത്രം) എന്നിവ യഥാക്രമം കക്ഷികളായ ശ്രീ. മുസ്തഫ, (S/o Muhammed Ibrahim T.C.20/1226, Sajina Manzil, Karamana, Melarannoor, Thiruvananthapuram), ശ്രീ. ഷാഹുൽ ഹമീദ് (S/o Sheik Adam Labba, T.C.20/1332(3), Sajina Manzil, Karamana, Melarannoor,

Thiruvananthapuram) എന്നിവർക്ക് "4217-60-800-93-Payment of compensation in LAR cases" എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ശ്രീ. മുസ്തഫ, S/o Muhammed Ibrahim T.C.20/1226, Sajina Manzil, Karamana, Melarannoor, Thiruvananthapuram
ശ്രീ. ഷാഹുൽ ഹമീദ് ,S/o Sheik Adam Labba T.C.20/1332(3), Sajina Manzil, Karamana, Melarannoor, Thiruvananthapuram
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കടപ്പനക്കുന്ന്, തിരുവനന്തപുരം
നിയമവകുപ്പ് (ST-II1/50/202-/Law, dated 20/03/2023)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ( IA4/182/2022-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 17-04-2023 11:10:35
സെക്ഷൻ ഓഫീസർ